## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4150** | **28-06-2024 - ൽ മറുപടിയ്ക്ക്**

## റേഷൻകട ഉടമകൾക്കുള്ള കുടിശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻകട ഉടമകൾക്ക് എത്ര കോടി രൂപയുടെ കുടിശികയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ; | (എ) | റേഷൻ വിതരണം നടത്തിയ വകയിൽ സംസ്ഥാനത്തെ റേഷൻകട ഉടമകൾക്ക് കുടിശികയൊന്നും നൽകാനില്ല. |
| (ബി) | റേഷൻ വ്യാപാരികൾക്ക് ഇപ്പോൾ പ്രതിമാസ വേതനമായി എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 30.11.2018-ലെ സ.ഉ(കൈ)നം.46/2018/ ഭ.പൊ.വി.വ പ്രകാരം സംസ്ഥാനത്തെ ചില്ലറ റേഷൻവ്യാപാരികൾക്കായി നടപ്പാക്കിയിട്ടുള്ള നിലവിലെ വേതന പാക്കേജ് പ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് അടിസ്ഥാന കമ്മീഷനായി 18,000/- രൂപയും സപ്പോർട്ടീവ് പെയ്മെന്റായി 8,500/- രൂപയും ലഭിക്കുന്നതാണ്. 45 ക്വിന്റലിനു മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000/- രൂപയ്ക്കു പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180-/ രൂപ നിരക്കിൽ കമ്മീഷൻ അനുവദിക്കുന്നു. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220/- രൂപ നിരക്കിൽ കമ്മീഷനും 18,000/- രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500/- രൂപ വരെ സപ്പോർട്ടീവ് പെയ്മെന്റും ലഭ്യമാക്കിയിട്ടുണ്ട്.<br><br>45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരി, അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവ് ഉണ്ടാവുന്നതാണ്. ആയതു പ്രകാരം 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പെയ്മെന്റിൽ നിന്നും 20 ശതമാനവും, 60 ശതമാനത്തിൽ താഴെ വിൽപ്പന നടക്കുമ്പോൾ 40 ശതമാനവും കുറവുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ